LIBRARY ARCHIVES Kerala Legislative Assembly

ഡള്ളേജ് ടാങ്കറുകൾ ഉപയോഗിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

85 [3136] ശ്രീ. പി. ജെ. ജോയി:

,, എൻ. ഡി. അപ്പച്ചൻ:

,, ഇ. എം. അഗസ്തി:

,, ഡോ. എം. എ. കുട്ടപ്പൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡള്ളേജ് ടാങ്കറുകൾ ഉപയോഗിക്കുന്നവ എത്രയെണ്ണമുണ്ട്;

(ബി) ഡള്ളേജ് ടാങ്കറുകളുടെ പ്രവർത്തനംമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യം ഒഴിവാക്കാൻ സഹായിക്കുന്നുണ്ടോ;

(സി) പ്രസ്തുത ടാങ്കറുകൾ വലിച്ചെടുക്കുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് എവിടെയാണ്;

(ഡി) കൂടുതൽ ഡള്ളേജ് ടാങ്കറുകൾ വാങ്ങാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹെവി വെഹിക്കിൾ ഡ്രൈവർമാരെ പി. എസ്. സി. വഴി നിയമിക്കാൻ നടപടി

86 [3137] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, ലൂഡി ലൂയിസ്:

ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഡ്രൈവർ തസ്തികയിലേക്ക് നിയമനത്തിനുള്ള പി. എസ്. സി. റാങ്ക്‌ലിസ്റ്റിൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചു;

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്;

(സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രസ്തുത തസ്തികയുടെ എണ്ണം കുറവായതിനാൽ ഹെവി വെഹിക്കിൾ നിത്യ വാടകയ്ക്കും ഡ്രൈവറെ ദിവസക്കൂലിക്കും എടുക്കാറുണ്ടോ;